## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3757 — 17.10.2011-ൽ മറുപടിക്ക്

### റോഡപകടങ്ങൾ കൂടി വരുന്നതിന്റെ സാഹചര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.ആർ. രാജേഷ്<br>ഡോ.കെ.ടി. ജലീൽ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | റോഡുകളിൽ അപകടങ്ങൾ കൂടി വരുന്നതിന്റെ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണത്തിൽ വലിയ തോതിൽ വർദ്ധനവ് ഉണ്ടായെങ്കിലും 2005-ന് ശേഷം റോഡപകടങ്ങൾ കുറഞ്ഞു വരുന്നതായാണ് സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനാധാരമായ വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | അപകടങ്ങൾ | വാഹനങ്ങൾ (ലക്ഷത്തിൽ) |
|---|---|---|
| 2005 | 42363 | 31.32 |
| 2006 | 41647 | 35.6 |
| 2007 | 39917 | 40.25 |
| 2008 | 37263 | 44.42 |
| 2009 | 35433 | 48.8 |
| 2010 | 35044 | 53.98 |
| 2011 (ഓഗസ്റ്റ് വരെ) | 23503 | 65.36 |

2005-ൽ 31.22 ലക്ഷം വാഹനമുണ്ടായിരുന്ന സംസ്ഥാനത്ത് 2009-2010-ൽ വാഹനങ്ങളുടെ എണ്ണം

| | | | |
|---|---|---|---|
| | | | 54 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട് ഇത്തരത്തിൽ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനനുസരിച്ച് സംസ്ഥാനത്തെ റോഡുകൾ വികസിക്കാത്തതുകൊണ്ടു കൂടിയാണ് റോഡപകടങ്ങൾ കൂടി വരുന്നത്. ഇത്തരത്തിൽ ഉണ്ടാകുന്ന റോഡപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ച പ്രധാനപ്പെട്ട നടപടിയാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ രൂപീകരണം മോട്ടോർ വാഹന വകുപ്പിന്റെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നിരന്തര പ്രവർത്തന ഫലമായി അപകടങ്ങളുടെ എണ്ണം കഴിഞ്ഞ മൂന്ന് വർഷമായി കുറഞ്ഞുവരികയാണ്. എന്നാൽ വാഹന വർദ്ധനവിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിക്കാത്തത് ഈ വകുപ്പുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിനായി പ്രത്യേക എൻഫോഴ്സ്മെന്റ് വിംഗ് രൂപവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.<br>ഗതാഗതനിയമങ്ങൾ പാലിക്കാത്ത ഡ്രൈവർമാരുടെ പിഴവുമൂലവും അപകടങ്ങൾ സംഭവിക്കുന്നത് കൂടുതലാണ്. വാഹനങ്ങൾ വർദ്ധിക്കുന്നതിനാനുപാതികമായി മോട്ടോർ വാഹന വകുപ്പിലും പോലീസിലും ഗതാഗതനിയമം നടപ്പാക്കുന്നതിനുള്ള ജീവനക്കാരെ നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.<br>നല്ല ഗതാഗത സംസ്കാരം വളർത്തിയെടുത്താലെ റോഡപകടങ്ങൾ കുറയ്ക്കാനാകുകയുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | വൻ അപകടങ്ങളുണ്ടാകുമ്പോൾ [illegible] ദീർഘകാല നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ? | (ബി) | അപകടങ്ങളെ സംബന്ധിച്ചുള്ള സ്കൂൾ തലത്തിലുള്ള റോഡ് സുരക്ഷ വിദ്യാഭ്യാസം, ഡ്രൈവർമാരുടെ പരിശീലനം, ഗതാഗത നിയമങ്ങളുടെ പാലനം ഉറപ്പുവരുത്തൽ, ട്രോമകെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, പൊതുജനങ്ങൾക്കുള്ള റോഡ് സുരക്ഷ ബോധവൽക്കരണം നല്കൽ തുടങ്ങിയ ദീർഘകാല പദ്ധതികളിലൂടെ അപകടങ്ങൾ ഗണ്യമായ തോതിൽ കുറയ്ക്കുവാൻ സാധിക്കും.<br>കേരള റോഡ് സുരക്ഷാ അതോറിറ്റി അപകടകാരണങ്ങളെ സംബന്ധിച്ച് നാറ്റ്പാക്ക് മുഖേന പഠനം നടത്തി വരുന്നു. ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ- തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ റോഡുകളുടെ റോഡ് സുരക്ഷാ ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ റോഡ് സുരക്ഷാ അതോറിറ്റി ചെയ്തിട്ടുണ്ട് കൂടാതെ സംസ്ഥാനത്തിന്റെ റോഡ് സുരക്ഷാ നയത്തിന്റെ കരട് നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് റോഡ് സുരക്ഷയെ കുറിച്ച് അവബോധം വളർത്തുക, റോഡുകളിലെ അപകടങ്ങൾ കണ്ടുപിടിച്ച് നിവാരണ നടപടികൾ എടുക്കുക, നിയമപാലനം ശക്തിപ്പെടുത്തുക. അപകടങ്ങളിൽ പെടുന്നവർക്ക് കഴിയുന്നത്ര വേഗം വൈദ്യസഹായം ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത കരടിൽ ഊന്നൽ നല്കുന്നത്. കൂടാതെ ഒരു വർഷം മൂന്നോ അതിൽ കൂടുതലോ അപകടങ്ങൾ സംഭവിക്കുന്ന മേഖലകളെ ബ്ലാക്ക് സ്പോട്ടായി പരിഗണിച്ച് |

| | | | |
|---|---|---|---|
| | | | അപകടനിവാരണ പ്രവർത്തനങ്ങൾ നടത്തുവാൻ എല്ലാ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അപകടം സംഭവിക്കുമ്പോൾ മൂന്നോ, അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ പ്രസ്തുത അപകടത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പിയും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെയും റോഡ് സെയ്ഫ്റ്റി അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവായുള്ള റോഡു സുരക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ 2020 ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2011-2020 ദശകം റോഡ് സുരക്ഷാ ദശകമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ അടുത്ത 10 വർഷങ്ങളിലേയ്ക്കുള്ള സുരക്ഷാ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വാങ്ങി, 2010-2011 വർഷത്തേയ്ക്കുള്ള ഫണ്ട് പ്രസ്തുത വകുപ്പുകൾക്ക് RSA നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ